# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അതിയന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## തിരുവനന്തപുരം.-695001

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/
ജിപി.3/1539/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/11/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.3/1539/2024 തീയ്യതി: 06/11/2024

# തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2024 | 02-09-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-08-2024 | 02-09-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി സ്മിത പി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് സി, ഓഡിറ്റർ
ശ്രീമതി പ്രവീണ പി. വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.പി. സുനിൽകുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. എ. റഹ്മത്തുള്ള | സെക്രട്ടറി | 01-04-2023 | 14-08-2023 |
| ശ്രീ. സുധീരൻ .എം.എസ് | സെക്രട്ടറി | 14-08-2023 | 25-08-2023 |
| ശ്രീ. എ. റഹ്മത്തുള്ള | സെക്രട്ടറി | 26-08-2023 | 06-12-2023 |
| ശ്രീമതി. ലേഖ .ഡി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-12-2023 | 15-01-2024 |
| ശ്രീ. എ. റഹ്മത്തുള്ള | സെക്രട്ടറി | 16-01-2024 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഭിലാഷ് .പി. ശശി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. ലേഖ .ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. അൻസാ ഹെൻഡർസൺ | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി | 01-04-2023 | 31-03-2024 |
| ശ്രീമതി .ബിന്ദു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2023 | 04-07-2023 |
| ശ്രീ. രഞ്ചു രവീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 04-07-2023 | 31-03-2024 |
| ശ്രീ. അജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2023 | 31-03-2024 |
| ശ്രീമതി. ജിഷ്മാ .ജി.എസ് | കൃഷി ഓഫീസർ (അധിക ചുമതല) | 01-04-2023 | 09-05-2023 |
| ശ്രീമതി. ജിജു | കൃഷി ഓഫീസർ | 09-05-2023 | 01-06-2023 |
| ശ്രീമതി. രാജി .എം.ആർ | കൃഷി ഓഫീസർ | 01-06-2023 | 31-03-2024 |
| ശ്രീമതി. ഉഷാകുമാരി .എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. സുമിൽ .ബി.എസ് | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി .സി. ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. കാർത്തികേയൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ബീന | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, തൊങ്ങൽ | 01-04-2023 | 31-05-2023 |
| ശ്രീമതി. സുചിതാ റാണി | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, തൊങ്ങൽ | 07-06-2023 | 31-03-2024 |
| ഡോ. ജസ്റ്റിൻ ബേസിൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെൺപകൽ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലേഖ .ഡി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല | 1-1-1 |
| 3 | ബാങ്ക് റിക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-1-2 |
| 4 | കാലാവധി അവസാനിച്ച ചെക്കുകളുടെ വിവരം ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-3 |
| 5 | വരവ് രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി ഇനത്തിലെ ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ലഭ്യമല്ല. | 1-1-8 |
| 10 | ഡിപ്രീസീയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള CFC ഫണ്ടിന്റെ ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | മറ്റ് അപാകങ്ങൾ | 1-1-11 |
| 13 | ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-2-1 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| 16 | ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-4-1 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി ആസൂത്രണം - അവലോകനം | 1-5 |
| 19 | ക്ഷേമ പദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 23 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 24 | കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-11 |
| 25 | കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-12 |
| 26 | കെട്ടിടങ്ങളുടെ പെർമിറ്റ് നമ്പർ സഞ്ചയയിൽ ചേർത്തിട്ടില്ല | 1-13 |
| 27 | വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-14 |
| 28 | ലൈസൻസ് - അപാകങ്ങൾ | 1-15 |
| 29 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി-ടി.ഡി.എസ്- ഈടാക്കിയില്ല. | 1-16 |
| 30 | മരാമത്ത് പ്രവൃത്തി - കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. | 1-17 |
| 31 | മരുന്ന് ലഭിച്ചിട്ടില്ല.-31,513/- രൂപ തടസ്സം ചെയ്യുന്നു | 1-18 |
| 32 | ഇ-ടെണ്ടർ തുക ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 33 | മുറ്റത്തൊരു മീൻതോട്ടം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ. | 1-20 |
| 34 | തൊഴിലുറപ്പ് പദ്ധതി - മാർക്കറ്റ് റേറ്റ് കാട്ടി ചെയ്ത ടെണ്ടർ ക്ഷണിച്ചില്ല. | 1-21 |
| 35 | ആശ്വാസ് ചികിത്സാ ധനസഹായം - ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 36 | ലാപ്ടോപ്പ് - കെൽട്രോണിൽ നിന്നും ലഭ്യമായില്ല- 3,12,625 രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. | 1-24 |

| | | |
|---|---|---|
| 38 | ഇൻഫർമേഷൻ കേരള മിഷൻ അംഗത്വ ഫീസ് - 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 39 | വൃദ്ധ സദനം- നിഷ്ക്രീയ ആസ്തി- തുടർ നടപടി അനിവാര്യം | 1-26 |
| 40 | നെല്ലിമൂട് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വൈദ്യുതീകരിക്കൽ - 15,570/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 41 | ഹരിതകർമ്മസേനാ പ്രവർത്തനം | 1-28 |
| 42 | ഇൻഫർമേഷൻ കേരള മിഷൻ വിഹിതം നല്കൽ - 79,808/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 43 | ടേക്ക്-എ-ബ്രേക്ക്-പ്രവർത്തനം - | 1-30 |
| 44 | തദ്ദേശസ്ഥാപനതല കായികവികസനം - പദ്ധതി നടത്തിപ്പിൽ അവ്യക്തത. | 1-31 |
| 45 | വൈദ്യുതി ലൈൻ നീട്ടൽ - 17,09,155/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 46 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 4,17,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 47 | തെരുവുവിളക്ക് അറ്റകുറ്റപ്പണി (എ.എം.സി) (സ്പിൽ ഓവർ പദ്ധതി) - പദ്ധതിച്ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല - 2,68,431/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 48 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 25000/- രൂപ തിരികെ ഈടാക്കാൻ അവശേഷിയ്ക്കുന്നു | 1-35 |
| 49 | ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 1-36 |
| 50 | രേഖകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-37 |
| 51 | കൃത്യമായ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല | 1-38 |
| 52 | സ്റ്റോറുകൾ സ്വീകരിച്ച് സ്റ്റോക്കിൽ ചേർക്കുന്നില്ല. | 1-39 |
| 53 | 82616/- രൂപ വിലമതിയ്ക്കുന്ന 449 ബിന്നുകൾ വിതരണം ചെയ്യാൻ അവശേഷിയ്ക്കുന്നു | 1-40 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്കുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19-07-2024 തീയതിയിലെ 2 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30-07-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും

അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 7 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-2 ബാങ്ക് റിക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല.

RP 40 B പ്രകാരമുള്ള ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല. ആയതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടും ബന്ധപ്പെട്ട അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻകുയറി നം. 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ബാങ്ക് | അക്കൗണ്ട് നം. | ബാലൻസ്ഷീറ്റ് B-17 പ്രകാരമുള്ള ബാലൻസ് തുക |
|---|---|---|
| DCB Saksharatha | 20021200402442 | 28,632 |
| INDIAN BANK -PADINA LIKHINA | 7159092559 | 0 |
| Indian Overseas Bank* | 0 | ഉൾപ്പെട്ടിട്ടില്ല |
| Kerala Bank ICDS Central Share (DCB) | 20021201200004 | 160 |
| Sub Treasury, Neyyattinkara | 702021400000004 | ഉൾപ്പെട്ടിട്ടില്ല |

*ILGMS സോഫ്റ്റ്വെയർ പ്രകാരം ലഭ്യമായ ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-3 കാലാവധി അവസാനിച്ച ചെക്കുകളുടെ വിവരം ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. തനത് ഫണ്ട് അക്കൗണ്ടിന്റെ റിക്കൻസിലിയേഷൻ സ്റ്റേറ്റ്മന്റിൽ (Canara Bank A/C 1566101079403) Cheque Issued But Not Presented Into Bank (P) എന്ന ഇനത്തിൽ 29,477.00 രൂപയുടെ ചെക്കുകളുടെ വിവരം ചേർത്തിട്ടുണ്ട്. 3 മാസ കാലാവധി അവസാനിച്ച ചെക്കുകളും ഇക്കൂട്ടത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 22300080 | 679129 | 05-05-2023 | 319 |
| 22300232 | 333769 | 05-07-2023 | 3,870.00 |
| 22101105 | 343545 | 16-03-2022 | 550 |
| 22101106 | 343545 | 16-03-2022 | 850 |
| 22100821 | 343504 | 09-02-2022 | 578 |
| 22200142 | 13319 | 26-05-2022 | 1,000.00 |
| 22201133 | 675951 | 31-03-2023 | 4,274.00 |
| 22300079 | 679128 | 05-05-2023 | 1,600.00 |
| | | ആകെ | 13041 |

Cheque Issued But Not Presented Into Bank എന്ന ഗണത്തിൽ ഉൾപെടുത്തിയിരിക്കുന്ന 3 മാസ കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റാത്തതിന്റെ കാരണം ഓഡിറ്റ് എൻകുയറി നം. 22 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയില്ല

2. Cheque Deposited But Not Cleared എന്ന ഇനത്തിലായി 13,750.00 രൂപയുടെ ചെക്കുകളുടെ വിവരം തനത്ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ ചേർത്തിട്ടുണ്ട്. ഇതിൽ 3 മാസ കാലാവധി അവസാനിച്ച 12500.00 രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നുണ്ട്. ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| വൗച്ചർ നം. | വൗച്ചർ തീയതി | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|
| 121010400002 | 03-08-2021 | 543646 | 28-07-2021 | 1,250.00 |
| 121010400001 | 03-08-2021 | 543646 | 28-07-2021 | 11,250.00 |
| | | | ആകെ | 12,500.00 |

ടി ചെക്കുകൾ വഴിയുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ തുടർ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകുയറി നം. 22 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിശദീകരണത്തിന്റെയും രേഖകളുടെയും

അഭാവത്തിൽ ടി തുക ഗ്രാമ പഞ്ചായത്തിന് നഷ്ടമായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി ചെക്കുകൾ ഏത് ഇനത്തിൽ വരവ് വച്ചതാണെന്ന വിശദാംശം ലഭ്യമാക്കി ചെക്കുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-1-4 വരവ് രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല

വിവിധയിനം വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ (ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, വാടക രജിസ്റ്റർ തുടങ്ങിയവ) അവ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറി നം. 7 ന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി) എന്നിവയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിയേക്കണ്ടതാണ്

## 1-1-5 വസ്തു നികുതി ഇനത്തിലെ ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി തുകയുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി ഇനത്തിലെ ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| വാർഷിക ധനകാര്യ പത്രിക പ്രകാരം | Demand I-1 പ്രകാരം | Collection | | | Balance |
|---|---|---|---|---|---|
| | | Collection (Rp45 പ്രകാരം) | Advance Collection (2022-23 വർഷത്തെ B-9 ഷെഡ്യൂൾ Prakaram) | Total Collection* | B-15 പ്രകാരം |
| Property Tax Current (Residential+ Non Residential) | 45,55,716 | 36,12,288 | 8650 | 36,20,938 | 9,81,064 |
| | (24,26,296+ 21,29,420) | (17,96,774+ 18,15,514) | (8,071+1,011)X 100/105 | (36,12,288+ 8,650) | (6,32,847+ 3,48,217) |
| Property Tax - Arrear | 17,27,587 | 6,69,111 | - | 6,69,111 | 10,49,728 |

| | | | | | |
|---|---|---|---|---|---|
| (Residential+ Non Residential) | | | | | |
| | (4,37,086+ 5,98,951+ 2,82,793+ 4,95,134- 86,377) | (3,92,138+ 2,76,973) | - | | (5,75,559+ 4,74,169) |
| ആകെ | 62,83,303 | | | 42,90,049 | 19,34,090 |
| | (45,55,716+ 17,27,587) | | | (36,20,938+ 6,69,111) | [9,81,064+ 10,49,728- 96,702 (Lc)] |

| സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മന്റ് പ്രകാരം | Demand | Collection | | | Balance |
|---|---|---|---|---|---|
| | | Collection | Advance Collection | Total Collection | |
| Property Tax (Residential+ Non Residential) | 45,55,986 | 36,21,349 | 65,748 | 36,87,097 | 8,84,464 |
| Property Tax - Arrear (Residential+ Non Residential) | 16,68,853 | 6,86,570 | | 6,86,570 | 9,83,100 |
| ആകെ | 62,24,839 | | | 43,73,667 | 18,67,564 |

തുകകൾ തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകളിലെ വ്യത്യാസത്തിന് കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-6 വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിലെ തുകകളെ സാധൂകരിയ്ക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. (ഉദാ. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ). പ്രസ്തുത രജിസ്റ്ററുകളുടെ അഭാവത്തിൽ ബാലൻസ്ഷീറ്റിലെ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെയും B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെയും B-15 പ്രകാരമുള്ള കുടിശ്ശിക തുകകളുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. (ഓഡിറ്റ് എൻകയറി നം. 7, ഓഡിറ്റ് എൻകയറി നം. 22). രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വസ്തു നികുതി ഡിമാന്റ് എൻട്രി 31.03.2024 ലാണ് ചെയ്തിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 7 ന് മറുപടി ലഭ്യമാക്കിയില്ല. സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 320300199 Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ഹെഡിലെ മുന്നിരിപ്പ്-വരവ്-ചെലവ്- നീക്കിയിരിപ്പ് തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| മുന്നിരിപ്പ് | വരവ് (RP 30 പ്രകാരം) | ആകെ (1+2) | റവന്യൂ ഹെഡിലേക്ക് മാറ്റി ചെലവഴിച്ചത് (I-6 പ്രകാരം) | പ്രയർ പിരീഡ് ഐറ്റം ആയി ക്രമീകരിച്ചത് | ആകെ (4+5) | നീക്കിയിരിപ്പ്; ബാലൻസ്ഷീറ്റ് B-4 പ്രകാരം (3-6) |
| 431,645 | 1,40,40,000.00 | 1,44,71,645 | 1,39,93,000 | 4,74,252 | 1,44,67,252 | 4,393 |

ടി ഹെഡിന്റെ ലെഡ്ജർ, ജേണൽ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവ് വിവരങ്ങൾ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1,20,60,000/- രൂപയാണ് ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ചെലവ് എന്നിരിക്കെ 1,39,93,000/- രൂപ ചെലവഴിച്ചതായി കാണിച്ചിരിയ്ക്കുന്നതിലും പ്രയർ പിരീഡ് ഐറ്റം ആയി 4,74,252/- രൂപ ക്രമീകരിച്ചിരിക്കുന്നതിലും വ്യക്തതയില്ല.
ILGMS സോഫ്റ്റ്വെയറിൽ നടത്തിയ തുടർ പരിശോധനയിൽ ബന്ധപ്പെട്ട ഹെഡിന്റെ ലെഡ്ജർ പ്രകാരം ചുവടെ ചേർക്കും വിധം തുകകൾ ക്രമീകരിച്ചിരിക്കുന്നതായി കാണുന്നു.

| | | Opening Balance | | | | 4,31,645 |
|---|---|---|---|---|---|---|
| Date | Code | Head | Type | Voucher Number | Dr | Cr |

| | | | | | | |
|---|---|---|---|---|---|---|
| 25-03-2024 | 450210101 | Nationalised Bank Account Of Own Revenue Fund<br>Narration - Life State Share 1/4/2023 To 29/2/2024 | R | 1230000240 | | 1,40,40,000. |
| 31-03-2024 | 160100799 | Other Revenue Grants Narration - Life Ss Exp-12174000-657000loan | J | 42301321 | 1,15,17,000 | |
| 31-03-2024 | 160100799 | Other Revenue Grants Narration - LIFE STATE SHARE EXP CORRECTED | J | 42301339 | | 1,14,000 |
| 31-03-2024 | 160100799 | Other Revenue Grants Narration - LIFE STATE SHARE EXP 2019-20 | J | 42301340 | 25,90,000 | |
| 31-03-2024 | 190200401 | Prior Period Income - Other Incomes Narration - LIFE STATE SHARE | J | 42301341 | 4,74,252. | |
| | | Closing Balance | | | | 4,393 |

തുകകൾ ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത് സംബന്ധിച്ച ജേണൽ വൗച്ചറുകളിൽ അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള തുകകളുടെ വിശദാംശം ഭരണസമിതി തീരുമാനം ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 22 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

320300199 Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ഹെഡിലെ തുകകൾ ക്രമീകരിച്ചിരിയ്ക്കുന്നത് സംബന്ധിച്ച് വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ഡിപ്രീസീയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-17(A) ഷെഡ്യൂൾ പ്രകാരം 31,41,786/- രൂപ Depreciation എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. Depreciation തുക കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 7 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ Depreciation തുകയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-10 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള CFC ഫണ്ടിന്റെ ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

CFC ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുകയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വാർഷിക ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| Tied Fund | 48,92,328 | |
| Untied Fund | 36,29,658 | |
| | 85,21,986 | 87,91,015 |

ചെലവ് തുകയിലെ വ്യത്യാസത്തിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകുയറി നം. 22 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയിലെ വ്യത്യാസം സംബന്ധിച്ച വിശദീകരണം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-11 മറ്റ് അപാകങ്ങൾ

1. 416100106 Accumulated Depreciation - Plant And Machinery എന്ന ഹെഡിൽ മുൻവർഷത്തെ അതേ തുകയായ 66,208/- രൂപ തന്നെയാണ് തൻവർഷവും ചേർത്തിട്ടുള്ളത്. തൻവർഷം ഡെപ്രീസിയേഷൻ കണക്കാക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകുയറി നം. 22 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

3. 414110010 Medical Institution-Alloppathy Medical Equipments For Health Institutions എന്ന ഹെഡിലെ മുന്നിരിപ്പ് (-)99,110/- രൂപയാണ്. ടി ഹെഡിൽ നെഗറ്റീവ് തുക മുന്നിരിപ്പായി വരാനുണ്ടായ സാഹചര്യം അറിയിക്കാൻ ഓഡിറ്റ് എൻകുയറി നം. 7 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|
| 1 | CANARA – HEALTH GRANT Less Sub Centres, Phcs &Chcs | 110044841059 |
| 2 | Sub Treasury, Neyyattinkara | 702021400000004 |

മുഴുവൻ അക്കൗണ്ടുകളുടെയും വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം ഓഡിറ്റ് എൻകുയറി നം. 27 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2-1 ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ഗ്രാമ പഞ്ചായത്തിലെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ തമ്മിൽ ചുവടെ ചേർക്കും വിധം വലിയ അന്തരം കാണുന്നു.

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2,13,33,468 | 2,86,85,130 | 73,51,662 |
| വരവ് | 34,57,18,000 | 27,76,33,000 | -6,80,85,000 |
| ആകെ | 36,70,51,468 | 30,63,18,130 | -6,07,33,338 |
| ചെലവ് | 35,66,12,850 | 28,28,35,500 | -7,37,77,350 |
| നീക്കി ബാക്കി | 1,04,38,618 | 2,34,82,630 | 1,30,44,012 |

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിലെ ആകെ വരവ് 189771452/- രൂപയും ആകെ ചെലവ് 19,02,93,401/- രൂപയുമാണ്. ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവയിലെ ഭീമമായ അന്തരത്തിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 14 വഴി ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രതീക്ഷിതമായ വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി 2022-23 വർഷാന്ത്യം തയ്യാറാക്കിയതാണെന്നും റിവൈസ്ഡ് ബജറ്റ് 2023-24 വർഷാന്ത്യത്തിന് മുൻപായി തയ്യാറാക്കിയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളോട് നീതി പുലർത്തി യാഥാർത്ഥ വരവ് ചെലവ് കണക്കുകളോട് അടുത്തു നിൽക്കുന്നതായും മറുപടി അറിയിച്ചു. മുൻ വർഷത്തെ വരവ് ചെലവ് കണക്കുകളെ വിലയിരുത്തി കൃത്യമായ ആസൂത്രണത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിയ്ക്കണ്ടതാണ്.

2. 2022-23 സാമ്പത്തിക വർഷത്തിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ആകെ വരവ് 18,82,06,593/- രൂപയാണ്. എന്നാൽ 2023-24 വർഷത്തിലെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 345718000/- രൂപയെന്ന് ചേർത്തിട്ടുണ്ട്. 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 214 -(3) ാം വകുപ്പ് പ്രകാരം ബജറ്റിലെ വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയലിൽ അത്തരം വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. മുൻ വർഷത്തെ വരവിനെക്കാളും 15 കോടിയിലധികം രൂപ തൻ വർഷം പ്രതീക്ഷിത വരുമാനമായി ചേർത്തിരിയ്ക്കുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകയറി നം. 14 വഴി ആവശ്യപ്പെട്ടതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ലെങ്കിലും വരും ബജറ്റുകളിൽ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി അറിയിച്ചു.

## 1-2 ബജറ്റ്

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| ബജറ്റ് പാസാക്കിയ തീരുമാനം, തീയതി | 22-03-2023 ലെ 1 ാം നമ്പർ തീരുമാനം | 23-01-2024 ലെ 4 ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 2,13,33,468 | 2,86,85,130 |
| വരവ് | 34,57,18,000 | 27,76,33,000 |
| ആകെ | 36,70,51,468 | 30,63,18,130 |
| ചെലവ് | 35,66,12,850 | 28,28,35,500 |
| നീക്കി ബാക്കി | 1,04,38,618 | 2,34,82,630 |

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 3,91,92,853 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,79,06,908 |
| ആകെ | : | 10,70,99,761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,56,63,193 |
| നീക്കിയിരിപ്പ് | : | 2,14,36,568 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 18,97,71,452 /-രൂപയും ചെലവ് 19,02,93,401/- രൂപയുമാണ്

## 1-4-1 ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

1. ഗ്രാന്റ് സ്റ്റേറ്റ്മന്റിന്റെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.

2. സി.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3. വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.

4. സി.എഫ്.സി ഫണ്ടുകളിൽ(Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തപ്പെടുന്നില്ല.

II) ബാലൻസ്ഷീറ്റ് B-4 പ്രകാരം 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന ചുവടെ ചേർക്കുന്ന ഫണ്ടുകൾ 2023-24 സാമ്പത്തിക വർഷത്തിലും ചെലവഴിച്ചിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 320100162 Sarva Siksha Abhiyan | 62,000 |
| 2 | 320100198Grant From Suchitwa Mission | 5,02,695 |
| 3 | 320700105 Contributions For Joint Venture Projects (For Capital Expenditure) - From District Panchayats 0 | 50,903 |
| 4 | 320700202 Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations. | 3,00,000 |
| 5 | 320700204 Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 3,55,955 |
| 6 | 320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 2,73,375 |

തുക ചെലവഴിക്കുകയോ തിരികെ അടവാക്കുകയോ ചെയ്യാത്തതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 21 വഴി അന്വേഷിച്ച് കൃത്യമായ വിശദീകരണം ലഭ്യമാക്കിയില്ലെങ്കിലും ബാലൻസ്ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന തുകകൾ തൻ വർഷം അടിയന്തിര പ്രാധാന്യത്തോടെ പദ്ധതി രൂപീകരിച്ച് ചെലവ് വരുത്തുന്നതാണെന്നും 320700202 ശീർഷകത്തിൽ അവശേഷിയ്ക്കുന്ന തുകയായ 3,00,000/- രൂപ SO295 നമ്പർ സ്പിൽ ഓവർ പദ്ധതിയ്ക്കായി (റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്) വകയിരുത്തിയിട്ടുണ്ടെന്നും തൻവർഷം തന്നെ പദ്ധതി നടപ്പിലാക്കി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 61,86,385 | 42,81,053 | 69.20120555 |
| | പട്ടിക ജാതി | - | - | - |
| സേവനം | പൊതുവിഭാഗം | 10,31,11,860 | 4,23,05,246 | 41.028 |
| | പട്ടിക ജാതി | 1,75,59,109 | 1,23,25,492 | 70.19 |
| | പട്ടിക വർഗ്ഗം | - | - | - |
| പശ്ചാത്തലം | പൊതുവിഭാഗം | 3,07,49,161 | 1,45,10,249 | 47.18908916 |
| | പട്ടിക ജാതി | - | - | - |
| | പട്ടിക വർഗ്ഗം | 2,24,700 | 1,51,329 | 67.34712951 |
| | | 15,78,31,215 | 7,35,73,369 | 46.61 |

വിവിധ വിഭാഗങ്ങളിലെ ചെലവ് ശതമാനം 50% ൽ താഴെയാണ്. ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 21 വഴി ആവശ്യപ്പെട്ടതിന് 2023-24 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു മാർച്ച് മാസം 25 നാണ് സാംഖ്യ വെബ് സോഫ്റ്റ്വെയറിൽ ലഭ്യമായതെന്നും ട്രഷറി നിയന്ത്രണം കാരണം നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബില്ലുകൾ ക്യൂ ബില്ലിലേയ്ക്ക് മാറിയതിനാലാണ് ചെലവ് ശതമാനം കുറഞ്ഞതെന്നും മറുപടി അറിയിച്ചു.

IV) 2023-24 വർഷത്തിലെ സുലേഖ ചെലവ് പത്രിക പ്രകാരം മറ്റുള്ളവ എന്ന വിഭാഗത്തിൽ 1,90,48,857/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 1,65,78,000/- രൂപ KURDFC ലോൺ ഇനത്തിലെ ചെലവാണ്. 55,455/- രൂപ കൃഷി ഓഫീസറുടെ പ്രോജക്ടുകൾ വഴി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവാണെന്ന് കാണുന്നു. അവശേഷിക്കുന്ന 24,15,402/- രൂപ പ്രോ. നം. 239, 240, 229, 208 എന്നീ പദ്ധതികൾ വഴി ചെലവഴിച്ചിട്ടുള്ളതാണ്. ടി തുകകൾ ഏത് ഫണ്ട് ഉപയോഗിച്ചാണ് ചെലവഴിച്ചതെന്ന വിശദാംശം ബന്ധപ്പെട്ട ബാധ്യതാ ഹെഡ് കോഡ് സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 22 വഴി ആവശ്യപ്പെട്ടതിന് 320700102 Contributions For Joint Venture Projects (For Capital Expenditure) – From Municipal Corporations എന്ന ഹെഡിലെ തുകകളാണ് ഇതിൽ ഉൾപ്പെട്ടിരിയ്ക്കുന്നതെന്ന് നേരിട്ട് അറിയിച്ചു. എന്നാൽ പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് തുകയായ 29,18,002/- രൂപയിൽ നിന്നും 21,47,400/- രൂപ മാത്രമാണ് റവന്യൂ ഹെഡിലേയ്ക്ക് മാറ്റി തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. സുലേഖ പ്രകാരം 24,15,402/- രൂപയാണ് ചെലവ് തുക. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രോ. നം. 239, 240, 229, 208 എന്നിവയുടെ ചെലവുമായി ബന്ധപ്പെട്ട ഫണ്ട് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 1,43,85,108 | 1,47,97,772 | -4,12,664 |
| വികസന ഫണ്ട് (എസ്.സി.പി.) | 72,87,307 | 73,85,492 | -98,185 |
| വികസന ഫണ്ട് (ടി.എസ്. പി) | - | - | - |
| പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് ( Tied ) | 21,16,500 | 49,18,171 | -28,01,671 |
| പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Un- Tied Basic ) | 28,22,000 | 38,72,844 | -10,50,844 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 88,71,350 | 60,23,412 | 28,47,938 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 45,85,400 | 39,68,821 | 6,16,579 |
| CSS | 0 | 30,08,546 | -30,08,546 |
| SSS | 0 | 1,23,51,406 | -1,23,51,406 |

## 1-5 പദ്ധതി ആസൂത്രണം - അവലോകനം

**പദ്ധതി ആസൂത്രണം - അവലോകനം**

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണം സംബന്ധിച്ച അവലോകനം (02.09.2024 ൽ നല്കിയ 26 നമ്പർ ഓഡിറ്റ് എൻകപയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്):

1) ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പദ്ധതികൾക്കായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ താരതമ്യം:

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| ഫണ്ടിനം | 2023-24 ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിച്ച തുക | സ. ഉ (കൈ) നം. 79/2021 പ്രകാരം 2023-24 ൽ ക്യാരി ഓവർ ആയി ലഭിച്ച തുക | ആകെ തുക | ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ് / ലാപ്സ് തുക |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് - സാധാരണവിഹിതം | 1,70,42,000 | 16,26,955 | 1,86,68,955 | 1,47,97,772 | 22,44,228 |
| പട്ടികജാതി - ഉപപദ്ധതി | 78,26,000 | 0 | 78,26,000 | 73,85,492 | 4,40,508 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 1,33,07,000 | 45,66,800 | 1,78,73,800 | 60,23,412 | 72,83,588 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 68,78,000 | 6,11,867 | 74,89,867 | 39,68,821 | 29,09,179 |

2) 2023-24 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ അതത് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശം:

**(എ)** പദ്ധതി നിർവഹണം

| നിർവഹണോദ്യോഗസ്ഥർ | ഏറ്റെടുത്ത പദ്ധതികൾ (എണ്ണം) | നടപ്പിലാക്കിയ പദ്ധതികൾ (എണ്ണം) | നടപ്പിലാക്കാത്ത പദ്ധതികൾ (എണ്ണം) | ആകെ അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 11,53,100 | 10,67,433 | 92.57 |
| വെറ്റിനറി സർജൻ | 8 | 7 | 1 | 8,82,400 | 6,57,575 | 74.52 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 13 | 2 | 47,14,020 | 42,22,354 | 89.57 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 2,00,000 | 2,00,000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 3 | 0 | 9,57,376 | 9,57,376 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 18 | 6 | 15,72,94,743 | 4,22,34,935 | 26.85 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 12 | 4 | 75,91,677 | 46,71,083 | 61.53 |
| സെക്രട്ടറി | 56 | 30 | 26 | 1,97,65,660 | 99,72,839 | 50.45 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 2 | 3 | 24,47,300 | 11,51,300 | 47.04 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 84 | 48 | 4,38,96,096 | 2,04,37,677 | 46.56 |
| ഹെഡ്മാസ്റ്റർ | 7 | 5 | 2 | 20,52,330 | 19,70,252 | 96.00 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 31,00,000 | 26,00,000 | 83.87 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 1,60,000 | 64,000 | 40 |
| **ആകെ** | 279 | 187 | 92 | 24,42,14,702 | 9,02,06,824 | 36.94 |

(ബി) വിവിധ ഫണ്ടുകളുടെ ചെലവ് (സുലേഖ – ചെലവ് പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ (സാധാരണവിഹിതം) | 1,86,68,955 | 1,47,97,772 | 79.26 |
| വികസന ഫണ്ട് - എസ്.സി.പി. | 78,26,000 | 73,85,492 | 94.37 |
| വികസന ഫണ്ട് - ടി.എസ്.പി. | 0 | 0 | --- |
| ധനകാര്യ കമ്മിഷൻ അവാർഡ് | 1,45,37,615 | 87,91,015 | 60.47 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 55,12,069 | 30,08,546 | 54.58 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,75,29,600 | 1,23,51,406 | 32.91 |
| തനത് ഫണ്ട് | 1,64,89,067 | 91,85,601 | 55.71 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 1,27,62,470 | 16,57,629 | 12.99 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 98,82,633 | 18,42,750 | 18.65 |
| മെയിന്റനൻസ് റോഡ് | 1,78,73,800 | 60,23,412 | 33.70 |
| മെയിന്റനൻസ് നോൺ റോഡ് | 74,89,867 | 39,68,821 | 53.00 |
| മറ്റുള്ളവ | 9,02,97,509 | 1,90,48,857 | 21.10 |
| **ആകെ** | **24,10,19,121** | **9,02,06,824** | **37.43** |

## ആസൂത്രണസമിതി

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ [സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 3.1.1ന്റെ അടിസ്ഥാനത്തിൽ, ഭരണസമിതിയുടെ 30.11.2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണസമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ

പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**വർക്കിംഗ് ഗ്രൂപ്പുകൾ**

പൊതുജനത്തിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണപ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നല്കുക, വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുക തുടങ്ങിയ പ്രധാന ചുമതലകൾ നിർവഹിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മാർഗരേഖയിലെ ഖണ്ഡിക 3.1.2 (എ) പ്രകാരം പുനഃസംഘടിപ്പിക്കേണ്ടതുണ്ടെങ്കിലും, 2023-24 വർഷത്തേക്ക് വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കേണ്ടതില്ലെന്ന് 30.11.2022 ൽ 1(1) നമ്പറായി ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുതിയതായി രൂപീകരിച്ചിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദേശങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരവും താഴെ ചേർക്കുന്നു:

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | യോഗത്തീയതി | നിർദേശം | സ്വീകരിച്ച നടപടി (ഓഡിറ്റ് എൻകയറിക്കുള്ള മറുപടി പ്രകാരം) |
|---|---|---|---|---|
| 1 | ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 16-12-2022 | അതിയന്നൂർ ഗ്രാമപ്പഞ്ചായത്തിന്റെ അരങ്ങൽ ഭാഗത്ത് നെയ്യാറിൽ നിന്ന് വെള്ളം കയറുന്നതുമൂലം കൃഷി നശിക്കുന്നു. വെള്ളം കയറുന്നത് ബണ്ട് കെട്ടി സംരക്ഷിക്കണം. | ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി യോഗതീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| 2 | സാമൂഹ്യ നീതി | 16-12-2022 | 1. അതിയന്നൂർ ഗ്രാമപ്പഞ്ചായത്തിൽ ഒരു ബഡ്സ് സ്കൂൾ അനുവദിക്കുക<br>2. പകൽവീട് പ്രവർത്തന സജ്ജമാക്കുക | ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി യോഗതീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | ആരോഗ്യം | 10-01-2023 | ലഹരി വിരുദ്ധ പ്രവർത്തനം - വാർഡുകളിലും പഞ്ചായത്ത് തലത്തിലും ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമപ്പഞ്ചായത്ത് സ്വന്തം നിലയിൽ ചെയ്യുന്നതിന് ആവശ്യമായ ഭരണസമിതി യോഗതീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| 4 | വനിതാ വികസനം | 16-12-2022 | കുടുംബശ്രീയുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിന് ഒരു സ്ഥിരം വിപണനകേന്ദ്രം സജ്ജമാക്കുക | ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി യോഗതീരുമാനവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| 5 | വനിതാ വികസനം | 10-01-2023 | അങ്കണവാടി നം. 11 ന്റെ കെട്ടിടം റോഡരികിൽ സുരക്ഷിതമല്ലാത്ത അവ സ്ഥയിൽ ആയതിനാൽ കെട്ടിടത്തിന്റെയും കുട്ടികളുടെയും സുരക്ഷിതത്വം കണക്കിലെടുത്ത് അടിയന്തരമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമിച്ച് നല്കേണ്ടതാണ് | ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി യോഗതീരുമാനവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| 6 | പട്ടികജാതി, പട്ടിക വർഗ വികസനം | 16-12-2022 | പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ | പദ്ധതി രൂപീകരണത്തിനായി ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി |

| | | | | |
|---|---|---|---|---|
| | | | പരിശീലനത്തിനായി പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ് | യോഗതീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |

**ഗ്രാമസഭ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് കരട് പ്രോജക്ട് നിർദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

**സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളിൽ ഗുരുതരമായ, സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പദ്ധതികൾ മുഖേന പരിഹാരനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് നല്കിയ മറുപടി ചുവടെ ചേർക്കുന്നു:

| മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|
| സാമൂഹ്യനീതി | ഗുരുതരം | അടിസ്ഥാന സൗകര്യം കുറവായതും മെയിന്റനൻസ് ആവശ്യമുള്ളതും സ്വന്തമായി കെട്ടിടം ഇല്ലാത്തതുമായ അങ്കണവാടികൾ. | അങ്കണവാടികൾ വാടകയ്ക്ക് പ്രവർത്തിക്കുന്നതായ കെട്ടിടങ്ങൾ സ്വന്തമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് പദ്ധതി ഏറ്റെടുക്കാൻ സാധിക്കില്ല. അതിനാൽ പദ്ധതി രൂപീകരിച്ചിട്ടില്ല. |

**വായ്പ**

മാർഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തിയിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി - സംയോജിത പദ്ധതികൾ**

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് എം.ജി.എൻ.ആർ.ജി.എസ് - മായി സംയോജിപ്പിച്ച് വരുംവർഷങ്ങളിൽ പദ്ധതി തയ്യാറാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

**കുടുംബശ്രീ - സംയോജിത പദ്ധതികൾ**

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പാഥേയം (നം. 65/24), അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ ഭക്ഷണവിതരണം (നം. 61/24) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**നൂതന പദ്ധതികൾ**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. ഭരണസമിതി തീരുമാന പ്രകാരം നൂതന പദ്ധതികൾ ആവിഷ്കരിച്ച് വരുംവർഷങ്ങളിൽ നടപ്പിലാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

**സി.എസ്.ആർ ഫണ്ട്**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സി.എസ്.ആർ ഫണ്ട് ഗ്രാമപഞ്ചായത്തിന് നേരിട്ട് ലഭ്യമായിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്.

**ആസ്തി രജിസ്റ്റർ**

പദ്ധതി മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ വിവരം ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കിയെങ്കിലും അതിൽ കാലികവും കൃത്യവുമായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെയും നൽകിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 53,72,800 | 435 |
| വികലാംഗ പെൻഷൻ | 40,38,200 | 365 |
| വിധവാ പെൻഷൻ | 1,12,57,200 | 1056 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 5,89,000 | 53 |
| വാർദ്ധ്യകാല പെൻഷൻ | 2,92,85,000 | 2280 |

## 1-7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2024 തീയതിയിൽ 03.42 പി.എം സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,733/- (അമ്പത്തയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തിമൂന്ന്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഓഫീസ് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടുന്നുണ്ടെങ്കിലും എല്ലാമാസവും കൂടിയിട്ടില്ല. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടെങ്കിലും വളരെ കുറച്ച് അപേക്ഷകൾ ദീർഘകാലമായി തീർപ്പാക്കാനവശേഷിക്കുന്നവയും ഉണ്ട്. ഇൻകംബൻസി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. മൂവ്മെന്റ് രജിസ്റ്റർ,ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ജനറൽകമ്മിറ്റി മിനിട്സ് ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ക്ലോസ് ചെയ്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് രണ്ട് പ്രാവശ്യമാണ് സാമ്പത്തിക വർഷം കൂടിയിട്ടുള്ളത്. ഡെപ്പോസിറ്റ് വർക്കുകൾക്ക് നല്കിയ തുക ക്രമീകരിക്കാനവശേഷിക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 65,187 | 1,3,90,143 | 14,55,330 | 14,01,572 | 53,758 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക (I14 C പ്രകാരം) | 0 | 5,19,12,000 | 5,19,12,000 | 5,19,12,000 | 0 |
| ആകെ | 65,187 | 5,33,02,143 | 5,33,67,330 | 5,33,13,572* | 53,758 |

* Income And Expenditure സ്റ്റേറ്റുമെന്റിലെ I-6 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുക (5,33,13,572) I 14 C (സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന ചെലവ്) + I14 F (Administrative Expenses) പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല (5,19,12,000 + 10,35,773 = 5,29,47,773).

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 10.05.2016 – 26.05.2016 | 2011-2012 മുതൽ 2015-2016 വരെ | 14.07.2016 |

## 1-11 കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതിലെ അപാകങ്ങൾ

16-12-2015 ലെ സ.ഉ(എം.എസ്) 358/2015 പ്രകാരം 60 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിയ്ക്കുമ്പോൾ ഒരു വ്യക്തിയുടെ സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി നികുതിയിളവ് പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഒരേ വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ നികുതിയിളവ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|
| വിജയ കുമാരി(മുരുക ഭവൻ, വെള്ളംകുളം, വെൺപകൽ പി ഒ, 695123) | 87A | 37.12 ച.മീ. |
| | 92 A | 25.38 ച.മീ. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 29/2024 തീയതി 31.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നികുതിയിളവ് അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ 20,30,792/- രൂപ (അരിയർ ഉൾപ്പെടെ)യും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതിയിനത്തിൽ 18,67,564/- രൂപ (അരിയർ ഉൾപ്പെടെ)യും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 28/2024 തീയതി 31.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക നാളിതുവരെ പിരിച്ചെടുക്കാത്തതിന്റെ വ്യക്തമായ കാരണം ഓഡിറ്റിന് അറിയിക്കേണ്ടതാണ്. അരിയർ ഇനത്തിൽ 10,49,728/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ടി തുക സംബന്ധിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അരിയർ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 10,49,728/- രൂപയിൽ 3 വർഷത്തിലധികമായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ പെർമിറ്റ് നമ്പർ സഞ്ചയയിൽ ചേർത്തിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 2023-24 സാമ്പത്തിക വർഷം പുതുതായി നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പട്ടിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് നമ്പർ സഞ്ചയയിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 42/2024 തീയതി 02.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് എടുക്കാതെ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല. ആയതിനാൽ പെർമിറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും സഞ്ചയയിൽ ആയത് രേഖപ്പെടുത്തേണ്ടതുമാണ്.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉപയോഗം |
|---|---|---|
| 2/210A | 248.67 ച.മീ | പാർപ്പിടാവശ്യം |
| 11/278A | 7.32 ച.മീ | മൊബൈൽ ഫോൺ ടവർ |
| 13/114 | 10.5 ച.മീ | വാണിജ്യാവശ്യം |
| 13/170A | 47.6 ച.മീ | വാണിജ്യാവശ്യം |
| 15/389A | 184.95 ച.മീ | പാർപ്പിടാവശ്യം |
| 17/252 | 163.07 ച.മീ | പാർപ്പിടാവശ്യം |

## 1-14 വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പഞ്ചായത്തിലെ കെട്ടിട വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ വാടക ബൈലോ ലഭ്യമാക്കിയിട്ടില്ല.

2) വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ ജി. സുകു, ഊറ്റുകുഴി, മംഗലത്ത്കോണം എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുള്ള 22-ാം നമ്പർ കടമുറിയുടെ വാടകയായ 18420/-രൂപ (1535/- X 12) പിരിച്ചെടുത്തിട്ടില്ല എന്ന് കാണുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 17/2024 തീയതി 29.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ വാടക കുടിശ്ശിക ഈടാക്കാത്തതിന് വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാടക കുടിശ്ശിക അടയ്ക്കുന്നതിന് നോട്ടീസ് നൽകേണ്ടതും വാടകകുടിശ്ശിക പിഴപ്പലിശ സഹിതം കൃത്യമായി പിരിച്ചെടുത്ത് തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15 ലൈസൻസ് - അപാകങ്ങൾ

അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരമുള്ള വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 16 | 66 |
| 2 | 1 | 39 |
| 3 | 3 | 45 |
| 4 | 9 | 92 |
| 5 | 5 | 66 |
| 6 | 16 | 61 |
| 7 | 9 | 57 |
| 8 | 15 | 53 |
| 9 | 18 | 91 |
| 10 | 8 | 46 |
| 11 | 5 | 66 |
| 12 | 51 | 302 |
| 13 | 34 | 228 |
| 14 | 13 | 71 |
| 15 | 10 | 69 |
| 16 | 19 | 74 |
| 17 | 18 | 115 |
| TOTAL | 250 * | 1541 |

* രജിസ്റ്റർ പ്രകാരം 250 സ്ഥാപനങ്ങൾ 277 കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു. എന്നാൽ സഞ്ചയ പ്രകാരം 1541 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 11/2024 തീയതി 23.08.2024) സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1541 വാണിജ്യകെട്ടിടങ്ങൾ ഉണ്ടെങ്കിലും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത് 300 എണ്ണത്തിലാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 250 വാണിജ്യ സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. തുടർന്നുവരുന്ന സാമ്പത്തിക വർഷം കൂടുതൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വാണിജ്യകെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് ആവശ്യമില്ലാത്ത സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ്തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ ആകെ വളർത്തു നായ്ക്കളുടെ എണ്ണം 775 ആണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിലെ ഡോഗ്& പിഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 35 എണ്ണം വളർത്തു നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം

പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകി കൂടുതൽ നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട് .തുടർനടപടി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-16 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി-ടി.ഡി.എസ്- ഈടാക്കിയില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989 ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2023-24 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ മേൽ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികളും വിഹിതങ്ങളും ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | കരാരുകാരൻ | എഫ്.ടി.ഒ. നമ്പർ | ചെലവ് തുക |
|---|---|---|---|---|
| 1 | കോഴിപ്പോരുവിള കിടറക്കോണം നടപ്പാത കോൺക്രീറ്റ് | സോമൻ 32AXGPB2231D1ZF | 0121EATPAYREQ0508202416657 | 2,41,988 |
| 2 | രാമപുരം വാഴോടോടുവിളാകം ചാനൽ ബണ്ട് റോഡ് കോൺക്രീറ്റ് | ” | 0121EATPAYREQ310520241650 | 2,38,518 |
| 3 | പോങ്ങിൽ വേളംതട്ട് മഠത്തിൽനട റോഡ് കോൺക്രീറ്റ് | ” | 0121EATPAYREQ310520241642 | 2,42,863 |
| 4 | പേരുവിളാകം ചിത്തിരം പഴിഞ്ഞി വരെ നടപ്പാത കോൺക്രീറ്റ് വാർഡ് | ” | 0121EATPAYREQ0508202416608 | 2,37,646 |

| | | | | |
|---|---|---|---|---|
| 5 | കുശവൂർ കോട്ടുകോണം കുഴിവിള കണ്ണേറ് റോഡ് കോൺക്രീറ്റ് | ” | 0121EATPAYREQ310520241635 | 2,38,652 |
| 6 | കോഴിപ്പോരുവിള നടപ്പാത കോൺക്രീറ്റ് വാർഡ് | ” | 0121EATPAYREQ2905202416152 | 2,35,633 |
| 7 | പ്രൂതംകോട് ഗ്രന്ഥശാല മുതൽ താമരക്കുളം വരെ റോഡ് കോൺക്രീറ്റ് | ” | 0121EATPAYREQ0508202416696 | 2,42,359 |
| 8 | മാങ്കാല കന്നുവാമ്മൂട് ഇടവഴി കോൺക്രീറ്റ് | ” | 0121EATPAYREQ0508202416629 | 2,22,516 |
| 9 | ITC കരിക്കകംതല നടപ്പാത കോൺക്രീറ്റ് | ” | 0121EATPAYREQ0508202416621 | 2,43,090 |
| 10 | നെല്ലിമൂട് തൊങ്ങൽ ഇടവഴി കോൺക്രീറ്റ് | ” | 0121EATPAYREQ0508202416664 | 2,41,464 |
| 11 | പട്ട കുടി മുതൽ പിച്ചി തോട്ടം ഇട റോഡ് കോൺക്രീറ്റ് വാർഡ് | ” | 0121EATPAYREQ220520241694 | 2,33,831 |
| 12 | വലിയവിള തേരിവിള നടപ്പാത കോൺക്രീറ്റ് | ” | 0121EATPAYREQ0508202416640 | 2,41,249 |
| 13 | മണലുവിള കിഴക്കേ തോട് ഇടവഴി കോൺക്രീറ്റ് | ” | | 2,27,323 |
| 14 | പോരുമക്കര പ്ലാങ്വിള നടപ്പാത കോൺക്രീറ്റ് | ” | | 2,36,532 |
| 15 | ഇഞ്ചി പുല്ലുവിള ഭാസ്ക്കർ നഗർ നടപ്പാത കോൺക്രീറ്റ് | ” | 0121EATPAYREQ0508202416687 | 2,39,358 |
| 16 | കോയിക്കൽ ചിറ്റാറ്റുമേലെ നടപ്പാത കോൺക്രീറ്റ് വാർഡ് | ” | 0121EATPAYREQ0508202416615 | 2,37,709 |
| 17 | ആശുപത്രി നട ഗ്രന്ഥശാല വെട്ടന്നര നടപ്പാത കോൺക്രീറ്റ് | ” | 0121EATPAYREQ0508202416671 | 2,28,343 |
| | | | **ആകെ** | **40,29,074** |

ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തി - കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

ഇ-ടെണ്ടറിനെ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്യു.ഡി./09.08.2017) ലെ നിബന്ധനകളിൽ കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ 5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ. എന്നാൽ തൻ വർഷം നടപ്പാക്കിയ ചില പ്രോജക്ടുകൾക്ക് കരാറുകാർ ഇൻഷ്വറൻസ് പോളിസികൾ എടുത്തതായി രേഖയില്ല. പോളിസിഎടുക്കാത്ത കരാറുകാരിൽ നിന്നും ഇപ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. ഇത്തരത്തിൽ ഫൈൻ ഈടാക്കാത്തതിന് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറി(12/24.8.24)ന് ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എഗ്രിമെന്റ് നം., തിയതി | കരാറുകാരന്റെ പേര് | കരാർ തുക | ബിൽ നം., തിയതി | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 166/2024, അങ്കണവാടികൾക്ക് ചുറ്റുമതിൽ. | 06/എ.ഇ/ ഡബ്ളിയു./കെ/ എൽ.ഐ.ഡി/ | ശ്രീ. ജി ബി ശശികുമാർ. | 1,21,723 | 04/2024 24.05.23 | 243/ |

തുടർ വർഷങ്ങളിലെ പ്രവൃത്തികൾക്കായി ഇൻഷുറൻസ് പോളിസി എടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 മരുന്ന് ലഭിച്ചിട്ടില്ല.-31,513/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നമ്പർ/പേര് - 59 /24,
അതി ദരിദ്ര സർവ്വെ മൈക്രോ പ്ളാൻ-വൈദ്യ സഹായം നല്കൽ.

അടങ്കൽ – 5,00,000/- (പ്ളാൻ - 1,00,000/-, തനത് – 4,00,000/-)

ചെലവ് – 2,50,726/- (തനത് )
ബിൽ നം – 114/30.09.23 Rs. 2,06,326/-
ബിൽ നം – 358/13.2.24 Rs. 44,356/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ.

സി.എച്ച്.സി. വെൺപകലിൽ ഇൻവോയിസ് നമ്പർ 12489/12.02.24 പ്രകാരം Inhouse Drug Bank-ന് മരുന്ന് ലഭിക്കുന്നതിനായി ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നല്കിയ 2,50,726/- രൂപയിൽ 31,513/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻകയറി നം. 6/24 ന് മറുപടിയായി മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്നതുവരെ ലഭ്യമാക്കാൻ അവശേഷിക്കുന്ന ചെലവ് തുക 31,513/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഇ-ടെണ്ടർ തുക ലഭ്യമാക്കേണ്ടതാണ്.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ.(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഇ-ടെണ്ടർ വെബ്സൈറ്റിലൂടെ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാ പഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ടി തുക ഗ്രാമ പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ തിരികെ ലഭിക്കേണ്ടതും അത് തനതുഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. അതിനായി എസ്.ബി.എ യുടെ അക്കൌണ്ട് അസി. എഞ്ചിനീയറുടെ പേരിൽ തുടങ്ങേണ്ടതുമാണ്. എന്നാൽ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ ഫാം തുക നാളിതുവരെ ലഭിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് എൻകയറി നമ്പർ 12/23.08.24 ന് മറുപടി നല്കിയത്. നാളിതുവരെയുള്ള ഇ-ടെണ്ടർ തുക കിട്ടുന്നതിനായി ഡിമാൻഡ് ചെയ്ത് കിട്ടുന്ന മുറയ്ക്ക് തനതുഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മുറ്റത്തൊരു മീൻതോട്ടം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

പദ്ധതി നം. - 63/24
പദ്ധതി പേര് - മുറ്റത്തൊരു മീൻതോട്ടം
നിർവഹണോദ്യോഗസ്ഥൻ - ഫിഷറീസ് ഓഫീസർ
വികസന ഫണ്ട് (പൊതുവിഭാഗം) - 24,000/-
ഗുണഭോക്തൃവിഹിതം - 36,000/-

ആകെ അടങ്കൽ - 60,000/- രൂപ
ചെലവ് - 24,000/- രൂപ

14-ആം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ [സ. ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022] ഖണ്ഡിക 6.4 13A(7)-ൽ 'മുറ്റത്തൊരു മീൻത്തോട്ടം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് "മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കണം" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇൻഷുറൻസ് സ്കീമിൽ പദ്ധതിയെ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 18/2024 തീയതി

29.08.2024) മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് നിലവിൽ ഇൻഷുറൻസ് സ്കീമുകൾ നടപ്പിലാക്കിയിട്ടില്ല എന്ന് മറുപടി നൽകി. ഫിഷറീസ് വകുപ്പ് ഇൻഷുറൻസ് സ്കീമുകൾ നടപ്പിലാക്കുന്ന മുറയ്ക്ക് തുടർ വർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം ഇൻഷുറൻസ് സ്കീമുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തൊഴിലുറപ്പ് പദ്ധതി - മാർക്കറ്റ് റേറ്റ് കാട്ട് ചെയ്ത ടെണ്ടർ ക്ഷണിച്ചില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ സിമന്റുപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾക്ക് സെക്യൂർ സോഫ്റ്റ്വെയറിൽ 2022 ൽ അനുവദിച്ചിരുന്ന നിരക്ക് ഒരു ചാക്ക് സിമന്റിന് 614/- രൂപ ആയിരുന്നു. ബഹു. എം.ജി.എൻ.ആർ.ഇ.ജി.എസ്സ് ആലപ്പുഴ ജില്ലാ ഓമ്പുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ ഉത്തരവു പ്രകാരം ഇപ്രകാരം സിമന്റിന് അധിക നിരക്ക് നൽകുന്നത് നിരോധിച്ചു കൊണ്ടു ഉത്തരവായിരുന്നു. തുടർന്ന് സെക്യൂർ സോഫ്റ്റ്വെയറിലെ നിരക്കുകൾ 30-03-23 ൽ പരിഷ്ക്കരിച്ച്, പുതിയ നിരക്കുകൾ പുറപ്പെടുവിച്ചെങ്കിലും സിമന്റിന് അനുവദിച്ചു നൽകിയിട്ടുള്ള നിരക്ക് ഒരു ചാക്കിന് 576/- രൂപയാണ്. ഈ നിരക്കും നിലവിലുള്ള മാർക്കറ്റ് നിരക്കിനെക്കാളും വളരെ ഉയർന്ന നിരക്കാണ്. ഓഡിറ്റ് വർഷം ഈ പഞ്ചായത്തിൽ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സിമന്റ് ഉപയോഗിച്ച് നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സിമന്റിന് അനുവദിച്ചു നൽകിയിട്ടുള്ള നിരക്ക് ഒരു ചാക്കിന് 448/- രൂപയാണ് (സെക്യൂർ സോഫ്റ്റ്വെയറിൽ 448/-രൂപ). ഒരു ചാക്ക് സിമന്റിന് മാർക്കറ്റ് റേറ്റ് 340/- രൂപയാണ്. സെക്യൂർ സോഫ്റ്റ്വെയറിൽ ആ സമയത്തുള്ള മാർക്കറ്റ് റേറ്റ് കാട്ട് ചെയ്താണ് ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നത്. അങ്ങനെ ചെയ്യാത്തതുമൂലം സിമെന്റിന് അധികം തുക നല്കേണ്ടി വന്നു. ടി വിഷയം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ആശ്വാസ് ചികിത്സാ ധനസഹായം - ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

A. പ്രോജക്ട് 283/24 – ആശ്വാസ് വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ ധനസഹായം

അടങ്കൽ – 4,08,000/-

ചെലവ് – 4,08,000/-

ഫണ്ട് – തനത്

ചെക്ക് നം. – 207007/03.11.2023

B) പ്രോജക്ട് 246/24- SO ആശ്വാസ് വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ ധനസഹായം-

അടങ്കൽ – 1,68,000/-

ചെലവ് – 1,68,000/-

ഫണ്ട് – തനത്

ചെക്ക് നം. – 207006/03.11.2023
നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ ധനസഹായത്തിനായി 18/10/2023 ലെ ജില്ലാ പഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രോജക്ടുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് ആകെ 5,76,000/-രൂപ കൈമാറി.
ഓഡിറ്റ് എൻകുയറി നം. 6/24 ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും ഡയാലിസിസ് ചികിത്സാ ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കിയില്ല. ഡയാലിസിസ് ചികിത്സാ ധനസഹായം ലഭ്യമായ വൃക്കരോഗികകളുടെ വിവരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ലാപ്ടോപ്പ് - കെൽട്രോണിൽ നിന്നും ലഭ്യമായില്ല- 3,12,625 രൂപ തടസ്സപ്പെടുത്തുന്നു.

A). പ്രോജക്ട് നമ്പർ/പേര് - 318/24-Implimentation Of Heaith& Wellness Activities In Family Heaithcentre&Subcentres.

അടങ്കൽ – 3,92,000/-

ചെലവ് – 3,92,000/-
ഫണ്ട് – ഹെൽത്ത് ഗ്രാന്റ്
ബിൽ നം. – 322/24 -22.01.2024 (എ.സി.ആർ)
നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

സി.എച്ച്.സി. വെൺപകലിന്റെ 5 സബ്സെന്ററുകൾക്ക് ലാപ്ടോപ്പ് (വിൻഡോസ്-11) വാങ്ങുന്നതിനായി 3.1.24 ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 3,12,625/- രൂപ ചെക്ക് നമ്പർ (HMC -241472/25.3.24) പ്രകാരം കെൽട്രോണിന് നല്കിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് തുക ബിൽ പ്രകാരം മാറി എച്ച്.എം.സി അക്കൗണ്ടിൽ നിക്ഷേപിക്കുകയും എച്ച്.എം.സി അക്കൗണ്ടിൽ നിന്നും 25.03.24 ന് കെൽട്രോണിന് നല്കുകയും ചെയ്തു. ലാപ്ടോപ്പ് വിൻഡോസ്-11 ന്റെ ടാക്സ് ഇൻവോയിസ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ എൻകുയറി നമ്പർ 6/24 ന് ലാപ്ടോപ്പ് നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 3,12,625/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. സ. ഉ.എം.എസ്.നമ്പർ 22/18 ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖണ്ഡിക 7.1.8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.7.19ലെ ജി.ഒ(എം.എസ്)നമ്പർ 148/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണെന്നും ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്കൂളുകളിലെ ടീച്ചർമാർക്ക് നിശ്ചിത നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ബഡ്സ് സ്കൂൾ ആരംഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുകാണുന്നില്ല. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടു പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 433 പേർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 153 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ലാത്തതിനാൽ ഇവരിൽ പലർക്കും സമീപ പ്രദേശങ്ങളിലെ ബഡ്സ് സ്കൂളുകളെ ആശ്രയിക്കുകയോ അല്ലാത്തപക്ഷം അത്തരമൊരു സംവിധാനത്തെ ആശ്രയിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. 16/12/23ൽ കൂടിയ സാമൂഹികക്ഷേമം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ആദ്യനിർദ്ദേശം തന്നെ നിർബന്ധമായും ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുക എന്നതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിൽ തുടർ നടപടികളൊന്നും പഞ്ചായത്ത് കൈകൊണ്ടു കാണുന്നില്ല. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് 20/29.8.24 മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രഥമ നിർദ്ദേശം തന്നെ പ്രോജക്ടായി രൂപപ്പെടാതിരുന്നത് പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ വീഴ്ചയാണ്. ബഡ്സ് സ്കൂൾ ആരംഭിക്കാൻ നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

## 1-25 ഇൻഫർമേഷൻ കേരള മിഷൻ അംഗത്വ ഫീസ് - 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 347/24

പദ്ധതി പേര് - ഇൻഫർമേഷൻ കേരള മിഷൻ അംഗത്വ ഫീസ്

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ - 9,00,000/-

ചെലവ് - 9,00,000/-

ഇൻഫർമേഷൻ കേരള മിഷൻ (ഐ. കെ. എം) അംഗത്വ ഫീസ് ഇനത്തിൽ കുടിശ്ശികയായിരുന്ന 9,00,000/- രൂപ, 05.03.2024 ലെ സ.ഉ(സാധാ)നം.538/2024/തസ്വഭവ പ്രകാരം, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേർക്ക് (ബിൽനം. 450 / 23.03.2024) പഞ്ചായത്ത് സെക്രട്ടറി നല്കിയിട്ടുണ്ട്. എന്നാൽ, ആയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ, 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 02.09.2024 ൽ നല്കിയ ഓഡിറ്റ് എൻകയറി നം. 34 ന് മറുപടിയായി, യു.സി നല്കുന്നതിന് ഐ.കെ.എം ന് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഐ.കെ.എം ന് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 1-26 വൃദ്ധ സദനം- നിഷ്ക്രീയ ആസ്തി- തുടർ നടപടി അനിവാര്യം

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ മൂന്നാം വാർഡിലെ ഇരുവിക്കോട് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധ സദനം പ്രാദേശിക പരിശോധനയിൽ അടച്ചുപൂട്ടിയ നിലയിലാണ് കാണപ്പെട്ടത്. ഏകദേശം 2800 സെകയർ ഫീറ്റ് വിസ്തൃതിയിലുള്ള കെട്ടിടമാണിത്. 11/01/2010 ൽ ഉദ്ഘാടനം കഴിഞ്ഞ ഈ കെട്ടിടം പ്രവർത്തിക്കാത്ത നിലയിലാണ് സ്ഥലപരിശോധനയിൽ കണ്ടത്. കെട്ടിടത്തിനകത്ത് ബഡ്ഡുകളും തടിയിലുള്ള കസേരകളും, സ്റ്റീൽ ടേബിളുകളും പൊടി പിടിച്ച് നാശോന്മുഖമായ അവസ്ഥയിലാണ് കാണപ്പെട്ടത്. ഉചിതമായ ഭരണസമിതി തീരുമാനത്തിലൂടെ കെട്ടിടവും അനുബന്ധ ആസ്തികളും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 നെല്ലിമൂട് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വൈദ്യുതീകരിക്കൽ - 15,570/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 227/24

പദ്ധതി പേര് - നെല്ലിമൂട് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വൈദ്യുതീകരിക്കൽ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

വികസന ഫണ്ട് - 20,000/-

തനത് ഫണ്ട് - 8,000/-

ആകെ അടങ്കൽ - 28,000/-

ചെലവ് - 15,570/-

13.04.2023 ൽ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്തതനുസരിച്ച് നെല്ലിമൂട് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വൈദ്യുതീകരിക്കൽ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള 15,570/- രൂപ അതിയന്നൂർ ഗ്രാമപ്പഞ്ചായത്ത് കെ.എസ്.ഇ.ബി. - ക്ക് (ബിൽ നം. 01/25.05.2023) നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 02.09.2024 ൽ ഓഡിറ്റ് എൻകയറി (നം. 35) നല്കുകയുണ്ടായി.

കടമുറികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും ഓഡിറ്റ് എൻകയറിക്ക് മറുപടിയായി (എസ്. സി. 1/3194/2023,

02.09.2024) സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അവശ്യരേഖകളുടെ അഭാവത്തിൽ 15,570/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി - ൽ നിന്നുള്ള ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ എത്രയുംവേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേനാ പ്രവർത്തനം

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ , 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ്(മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.
മാലിന്യ സംസ്കരണം/ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എൻകെയറി നം. 5 ന് ചുവടെ പറയുന്ന പ്രകാരം സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഖരമാലിന്യ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ</u>

2016 -ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി, 20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന നടപടികൾ സ്ഥാപനം സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

A) ശുചിത്വ മിഷൻ കലണ്ടർ പ്രകാരം എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടക്കുന്നുണ്ട്
B) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബിന്നുകൾ നൽകിയിട്ടുണ്ട്
C) എല്ലാ വാർഡുകളിലും 1 മിനി എം സി എഫ് വീതം പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിലുള്ള എണ്ണം പര്യാപ്തമല്ല എന്നും അറിയിച്ചു

<u>ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ</u>

ബയോമെഡിക്കൽ മാലിന്യം 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD ഉത്തരവ് പ്രകാരം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ബയോ മെഡിക്കൽ മാലിന്യം നേരിട്ട് സ്ഥാപനങ്ങളിൽ നിന്നും ഇമേജ് വഴി കൊടുക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. നാപ്കിൻ വെൻഡിംഗ് മെഷീൻ/സാനിട്ടറി പാഡുകൾ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടില്ലെന്നും 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും മറുപടി നൽകി.

ബോധവത്കരണം, പ്രചാരണം

2016 -ലെ ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി മൈക്ക് അനൌൺസ്മെന്റുകൾ നടത്തുകയും , സ്കൂളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണം , ബയോബിൻ പ്രവർത്തനം എന്നിവ സംബന്ധിച്ച് ഹരിത കർമ്മസേന മുഖേന ക്ലാസുകൾ നൽകിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ് { സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}.

മാലിന്യ ചട്ടങ്ങളുടെ ലംഘനം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്കാഡ് രൂപീകരിച്ചതായി അറിയിച്ചെങ്കിലും മാലിന്യം പൊതു നിരത്തുകളിൽ വലിച്ചെറിയുന്നവരിൽ നിന്നും പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ

26.04.2023 ലെ G.O. (Rt) No. 922/2023/LSGD ഉത്തരവ് പ്രകാരം പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചെങ്കിലും പ്രസ്തുത നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

മാലിന്യ സംസ്കരണം മറ്റ് പ്രവർത്തനങ്ങൾ

- ഹരിതകർമ്മ സേനയ്ക്ക് എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ 1 MCF സ്ഥാപിച്ചിട്ടുണ്ട്. മിനി MCF ൽ നിന്നും MCF ലേയ്ക്ക് മാലിന്യം മാറ്റുന്നതിന് വാഹനം ഏർപ്പാടാക്കിയിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് യൂണിഫോം, ഐ.ഡി കാർഡ്, ഗ്ലൗസ്, മാസ്ക് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വാർഡുകളിൽ മാലിന്യം നീക്കം ചെയ്യുന്നതിന് പുഷ്കാർട്ട് ട്രോളി ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യത്തിന്റെ അളവ് തൂക്കം പരിശോധിയ്ക്കുന്നതിന് വെയിംഗ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്.
- 2023-24 വർഷത്തിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് 9 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതികൾ വഴി ആകെ 2902746/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു
- 3 വാർഡുകളിലെ ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 10000/- രൂപ യിൽ കൂടുതൽ പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ടെന്നും ശുചിത്വമിഷൻ കലണ്ടർ പ്രകാരം കുപ്പി ശേഖരിക്കുന്നുണ്ടെന്നും അറിയിച്ചു.

. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറിലേർപ്പെടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

. പൊതു പരിപാടികളുടെ അധിക മാലിന്യ സംസ്കരണ പ്രവർത്തനം ഹരിതകർമ്മസേനവഴി നടപ്പിലാക്കിയിട്ടില്ല. ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

. നെല്ലിമൂട് മാർക്കറ്റിൽ തുമ്പൂർമൂഴി ജൈവമാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ല എന്നറിയിച്ചിട്ടുണ്ട്. മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതി 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചു. നിഷ്ക്രിയ ആസ്തികൾ പ്രവർത്തനക്ഷമമാക്കി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

. MCF ൽ ബെയിലിംഗ് മെഷീൻ സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥാപിച്ചിട്ടില്ല. MCF ൽ ഡിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിണറി ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവ വേർതിരിച്ച് നൽകുന്നതിന് ആവശ്യമായ സ്ഥലം ഇല്ല. മാലിന്യത്തിന്റെ അളവ് അനുസരിച്ച് MCF ന് വിസ്തൃതി ഇല്ല. മിനി MCF ൽ നിന്നും MCF ലേയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നുണ്ടെങ്കിലും ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ഇല്ലാത്തതിനാലും കൃത്യമായ ഇടവേളകളിൽ MCF ൽ നിന്നും CKC ഏജൻസി മാലിന്യം നീക്കം ചെയ്യാത്തതിനാലും മാലിന്യ നീക്കത്തിൽ കൃത്യത പാലിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

26.05.2023 ലെ സ.ഉ. (സാധാ) നം. 1109/2023/LSGD പ്രകാരം ഹരിത ഓഡിറ്റിംഗ് നടത്തി വരുന്നതായും അറിയിച്ചു.

ഖരമാലിന്യ സംസ്ക്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 46530 |
| 2 | വാസഗൃഹങ്ങളുടെ എണ്ണം | 7138 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം | 845 |
| 4 | പൊതു ചന്തകളുടെ എണ്ണം | 3 |
| 5 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 2 |
| 6 | ആകെ വാർഡുകളുടെ എണ്ണം | 17 |
| 7 | ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | 34 |
| 8 | പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം | CKCL |

| | | |
|---|---|---|
| 9 | ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 12069.792 Kg |
| 10 | കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ് | 10249.792 |
| 11 | തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 1820 Kg |
| 12 | ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 2317320 |
| 13 | ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | - |
| 14 | മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 24971 |
| 15 | ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക | ഗ്യാപ്പ് ഫണ്ട് ഇല്ല |
| 16 | ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | 46300 |
| 17 | സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |
| 18 | സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക | ഇല്ല |
| 19 | ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക | വിവരങ്ങൾ ലഭ്യമല്ല |
| 20 | തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം | വിവരങ്ങൾ ലഭ്യമല്ല |

## 1-29 ഇൻഫർമേഷൻ കേരള മിഷൻ വിഹിതം നല്കൽ - 79,808/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 03/24

പദ്ധതി പേര് - ഇൻഫർമേഷൻ കേരള മിഷൻ - വിഹിതം നല്കൽ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ - 1,05,000/-

ചെലവ് - 79,808/-

08.03.2016 ലെ സ.ഉ(സാധാ)നം. 1228/2016/തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷന് പഞ്ചായത്ത് വിഹിതമായി നല്കേണ്ടതായ 79,808/- രൂപ 09.03.2023 ൽ ഐ.കെ.എം ഡിമാൻഡ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ (ബിൽ നം. 55/26.07.2023) നല്കിയിട്ടുണ്ട്. എന്നാൽ, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, 79,808/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 02.09.2024 ൽ നല്കിയ ഓഡിറ്റ് എൻകുയറി നം. 37 ന് മറുപടിയൊന്നും നല്കിയിട്ടില്ല. ഐ.കെ.എം-ന് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എത്രയുംവേഗം ലഭ്യമാക്കേണ്ടതാണ്.

## 1-30 ടേക്ക്-എ-ബ്രേക്ക്-പ്രവർത്തനം -

അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ടേക്ക്-എ-ബ്രേക്ക് – നിർമ്മാണം എന്ന പ്രോജക്ട് 2021-22 ആവിഷ്കരിച്ച് 2022-23, 2023-24 എന്നീ വർഷങ്ങളിലൂടെ ടേക്ക്-എ-ബ്രേക്ക് നിർമ്മാണം പൂർത്തീകരിച്ച് 2023-24 വർഷത്തിൽ പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു. പ്രോജക്ടുകളുടെയും അവയുടെ ചെലവുകളും ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | So 208/22-23<br>ടേക്ക്-എ-ബ്രേക്ക് – നിർമ്മാണം |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹19,10,000/-<br>(₹ 1200000 (കോർപ്പറേഷൻ ഫണ്ട്) +<br>₹ 2,10,000 (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>₹ 5,00,000 (ബ്ളോക്ക് വിഹിതം) ) |

ടേക്ക്-എ-ബ്രേക്ക് – നിർമ്മാണത്തിനായി 2022-23ൽ ₹9,31,998/- രൂപ കോർപ്പറേഷൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| ക്രമ നമ്പർ | പ്രോജക്ട് നം. | ബിൽ നമ്പർ/ചെക്ക് നമ്പർ | തുക | തീയതി |
|---|---|---|---|---|
| 1. | So 208/22-23 | 762126/27.02.2023 | 8,46,690 (നികുതികൾ കുറച്ച് 7,97,551 രൂപ) | 27.02.2023 |
| 2. | | 221/06.2.2023 | 85,308 (നികുതികൾ കുറച്ച് 82,520) രൂപ | 27.02.2023 |

2023-24ൽ ടേക്ക്-എ-ബ്രേക്ക് പൂർത്തീകരണത്തിനായി താഴെ പറയുന്ന ₹4,53,018/-യും ചെലവ് കൂടി വന്നിട്ടുണ്ട്. വിശദാംശം ചുവടെ.

| | |
|---|---|
| പ്രോജക്ട് നം. | So51/24<br>ടേക്ക്-എ-ബ്രേക്ക് – നിർമ്മാണം |
| ചെക്ക് നം. | ചെക്ക് നമ്പർ 333779/11.07.24 ₹2,68,002/- (കോർപ്പറേഷൻ ഫണ്ട്)<br>ബിൽ നമ്പർ 41/1.7.23 ₹1,85,016/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |

പദ്ധതി 2021-22 സാമ്പത്തിക വർഷത്തിൽ തുടങ്ങി 2023-24ലാണ് പൂർത്തിയായത്. 2021-22 ൽ 19,10,000/- രൂപ അടങ്കൽ വച്ച ടി പ്രോജക്ട് 21/01/2021 ലെ 85/AE/LSGD/ATR/2021-22 കരാർ ശ്രീ. ജോണി. ഡി. ₹13,02,665.01/-രൂപയ്ക്ക് ഏറ്റെടുക്കുകയും ചെയ്തു. ടേക്ക്-എ-ബ്രേക്കിന്റെ പൂർത്തീകരണത്തിനായി 13,85,016/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വെൺപകൽ ഹോസ്പിറ്റൽ കോമ്പൗണ്ടിനുള്ളിലാണ് ടേക്ക്-എ-ബ്രേക്ക്-നിർവ്വഹിച്ചിട്ടുള്ളത്. ഹോസ്പിറ്റലിൽ എത്തുന്ന പൊതുജനത്തിന് ഉപയോഗിക്കാൻ സാധിക്കുന്ന സ്ഥലത്താണ് 'ടേക്ക്-എ-ബ്രേക്ക് സമുച്ചയം.

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ., തീയതി. 20-02-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തീയതി. 06-03-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും' പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികളും 'ടേക്ക്-എ-ബ്രേക്ക് ' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ്സ്റ്റാന്റ്/ബസ്സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. പരിപാലന ചുമതല കുടുബശ്രീക്ക് നല്കി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ സമുച്ചയം വളരെ നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്ന് ബോധ്യമായിട്ടുണ്ട്.

## 1-31 തദ്ദേശസ്ഥാപനതല കായികവികസനം - പദ്ധതി നടത്തിപ്പിൽ അവ്യക്തത.

പദ്ധതി നം. - 18/24

പദ്ധതി പേര് - തദ്ദേശസ്ഥാപനതല കായികവികസനം

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ - 58,400/-

ചെലവ് - 58,309/-

യുവാക്കളുടെ കായികവികസനം ലക്ഷ്യമിട്ടുകൊണ്ട് 2023-24 സാമ്പത്തിക വർഷം അതിയന്നൂർ ഗ്രാമപ്പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് തദ്ദേശസ്ഥാപനതല കായികവികസനം. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വസ്തുതകൾക്ക് / കാര്യങ്ങൾക്ക് വ്യക്തത ലഭിക്കേണ്ടതുണ്ട്:

1) സബ്സിഡി മാർഗരേഖ, ഖണ്ഡിക 7.7.1(7) പ്രകാരം ഗ്രാമപ്പഞ്ചായത്ത് തലത്തിൽ ഏകോപനസമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2) ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ എന്നീ ഇനങ്ങളിൽ പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കുന്നതിനായി സെലക്ഷൻ ട്രയൽസ് / കായിക മത്സരങ്ങൾ 18.11.2023, 19.11.2023 തീയതികളിൽ നടത്തിയിട്ടുള്ളതായി ചെലവുരേഖകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ, ആർ. വി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നം. 104 മുഖേന 21,099/- രൂപ ചെലവഴിച്ച് സബ്ലിമേഷൻ ജഴ്സി, നോർമൽ ഷോട്ട്സ്, ലോവർ എന്നിവ വാങ്ങിയിരിക്കുന്നത് 15.12.2023 ലാണ്. മത്സരം കഴിഞ്ഞതിനുശേഷം വാങ്ങൽ നടത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.

3) സബ്സിഡി മാർഗരേഖ, ഖണ്ഡിക 7.7.1(3)(Iv) പ്രകാരം സെലക്ഷൻ ട്രയൽസിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നല്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ അത്തരം പരിശീലനം നല്കിയതായി രേഖകളിൽ കാണുന്നില്ല.

4) സെലക്ഷൻ ട്രയൽസുമായി ബന്ധപ്പെട്ട് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ക്രിക്കറ്റ്) - 3 പേർ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഗ്രൗണ്ട് മാസ്കിംഗ്) - 1 ആൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (വോളിബോൾ) - 1 ആൾ, യൂണിവേഴ്സിറ്റി / നാഷണൽ ഫുട്ബോൾ പ്ലേയർ - 3 പേർ എന്നിങ്ങനെ 8 പേർക്കായി 9000/- രൂപയും പേരോ ഒപ്പോ മറ്റ് വിവരങ്ങളോ ഇല്ലാതെ ഒരാൾക്ക് 1000/- രൂപയും ഉൾപ്പെടെ ആകെ 10,000/- രൂപയുടെ കൈപ്പറ്റ് രസീതുകൾ ഫയലിൽ കാണുന്നു. ആയത് എന്തിനുവേണ്ടിയാണെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് 02.09.2024 ൽ നല്കിയ ഓഡിറ്റ് എൻകുയറി നം. 38 ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ അവ്യക്തതകൾക്ക് തൃപ്തികരമായ മറുപടി / വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 വൈദ്യുതി ലൈൻ നീട്ടൽ - 17,09,155/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 28/24

പദ്ധതി പേര് - വൈദ്യുതി ലൈൻ നീട്ടൽ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

വികസന ഫണ്ട് (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) - 91,000

തനത് ഫണ്ട് - 17,75,000/-

ആകെ അടങ്കൽ - 18,66,000/-

ചെലവ് - 17,09,155/-

01.06.2023 ൽ കെ.എസ്.ഇ.ബി ൽ നിന്ന് ലഭ്യമായ ഡിമാന്റ് കം ഇന്റിമേഷൻ നോട്ടീസ്, എസ്റ്റിമേറ്റ് എന്നിവ പ്രകാരം വൈദ്യുതി ലൈൻ നീട്ടലിനായി ആകെ 17,09,155/- രൂപ പഞ്ചായത്ത് കെ.എസ്.ഇ.ബിക്ക് നല്കിയിട്ടുണ്ട്. തനത് ഫണ്ട് വിനിയോഗവിവരം ചുവടെ ചേർക്കുന്നു:

| ബിൽ നം. / തീയതി | തുക (രൂപ) |
|---|---|
| 46/07.07.2023 | 1,88,433 |
| 213/28.11.2023 | 4,77,906 |
| 215/28.11.2023 | 1,01,185 |
| 331/23.01.2024 | 4,15,315 |
| 357/13.02.2024 | 14,987 |
| 388/26.02.2024 | 65,884 |
| 400/06.03.2024 | 85,625 |
| 404/07.03.2024 | 76,112 |
| 405/07.03.2024 | 82,559 |
| 406/07.03.2024 | 22,817 |
| 414/18.03.2024 | 87,332 |
| ആകെ | 16,18,155 |

പ്രവൃത്തിയുടെ ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അവ ആവശ്യപ്പെട്ടുകൊണ്ട് 39/02.09.2024 നമ്പറായി ഓഡിറ്റ് എൻകവയറി നല്കുകയുണ്ടായി.

ഓഡിറ്റ് എൻകവയറിക്ക് 02.09.2024 ൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിലൂടെ, 2,79,898/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും 14,29,257/- രൂപയുടെ

വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2,79,898/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിനൊപ്പമോ മറുപടിക്കൊപ്പമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി ക്ക് നല്കിയ 17,09,155/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയുടെയും ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-33 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 4,17,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 4,17,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 29/24

പദ്ധതി പേര് - പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - തനത് ഫണ്ട്

അടങ്കൽ - 5,00,000/-

ചെലവ് - 4,17,365/-

2023-24 വർഷം പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി 4,17,365/- രൂപ അതിയന്നൂർ ഗ്രാമപ്പഞ്ചായത്ത് കെ.എസ്.ഇ.ബി. – ക്ക് നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 02.09.2024 ൽ 40 നമ്പറായി ഓഡിറ്റ് എൻകുയറി നല്കുകയുണ്ടായി.
തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. / തീയതി | തുക (രൂപ) |
|---|---|
| 03/25.05.2023 | 68,827 |
| 214/28.11.2023 | 31,033 |
| 324/23.01.2024 | 25,800 |
| 325/23.01.2024 | 18,470 |
| 326/23.01.2024 | 18,104 |
| 347/09.02.2024 | 25,800 |
| 356/13.02.2024 | 6,236 |
| 384/23.02.2024 | 61,668 |
| 387/26.02.2024 | 70,480 |

| | |
|---|---|
| 401/06.03.2024 | 25,176 |
| 403/07.03.2024 | 24,507 |
| 415/18.03.2024 | 41,264 |
| ആകെ | 4,17,365 |

ഓഡിറ്റ് എൻകൗയറിക്ക് 02.09.2024 ൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിലൂടെ, പദ്ധതി പ്രകാരം 4,17,365/- രൂപ കെ.എസ്.ഇ.ബി. യിൽ അടവാക്കിയതിൽ, 12,073/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും 4,05,292/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 12,073/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിനൊപ്പമോ മറുപടിക്കൊപ്പമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി ക്ക് നല്കിയ 4,05,292/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയുടെയും ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-34 തെരുവുവിളക്ക് അറ്റകുറ്റപ്പണി (എ.എം.സി) (സ്പിൽ ഓവർ പദ്ധതി) - പദ്ധതിച്ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല - 2,68,431/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 225/24

പദ്ധതി പേര് - തെരുവുവിളക്ക് അറ്റകുറ്റപ്പണി (എ.എം.സി)

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - തനത് ഫണ്ട്

അടങ്കൽ - 2,86,326/-

ചെലവ് - 2,68,431/-

2023-24 സാമ്പത്തിക വർഷം അതിയന്നൂർ ഗ്രാമപ്പഞ്ചായത്ത് തെരുവുവിളക്ക് അറ്റകുറ്റപ്പണി (എ.എം.സി) എന്ന പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്ന് 2,68,431/- രൂപ (ബിൽ നം. 94/08.09.2023 – 87,197/- രൂപ, 302/12.01.2024 – 1,04,376/- രൂപ, 435/21.03.2024 – 76,858/- രൂപ) വിനിയോഗിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന അപാകങ്ങൾ കാണുന്നു:

1) പഞ്ചായത്തിലെ ഓരോ വാർഡിലെയും വൈദ്യുത പോസ്റ്റുകളുടെയും തെരുവുവിളക്കുകളുടെയും വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.

2) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് കമ്പ്ലേഷൻ / ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം ലഭ്യമല്ല.

3) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ഏത് നിരക്കിൽ ആണ് കരാർ നൽകിയതെന്ന വിവരം ലഭ്യമല്ല.

4) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി 2,68,431/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന, ജെ. എസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. ജനീഷ് എ എന്ന വ്യക്തിയുടെ, സമർപ്പണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ആണ് പദ്ധതി തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ കരാറുകാരന്റെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട ബില്ല് / ഇൻവോയിസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. അറ്റകുറ്റപണികൾക്കായി വാങ്ങിയ തെരുവ് വിളക്ക് സാമഗ്രികളുടെ പർച്ചേസ് ബില്ലുകളും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി / വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 02.09.2024 ൽ നല്കിയ ഓഡിറ്റ് എൻകമ്പയറി നം. 41 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച അവശ്യവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 2,68,431/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിച്ചെലവിന്റെ വിശദാംശങ്ങൾ / രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 25000/- രൂപ തിരികെ ഈടാക്കാൻ അവശേഷിയ്ക്കുന്നു

ബാലൻസ്ഷീറ്റ് B-18 പ്രകാരം ജീവനക്കാർക്കുള്ള ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള 25,000 രൂപ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല . അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ഇത് ആർക്ക് അനുവദിച്ച തുകയാണ് എന്നതിൽ വ്യക്തതയില്ല. ഉത്സവബത്തയായി നൽകിയ തുക തിരികെ ഈടാക്കാത്തതിന്റെ കാരണം അറിയിയ്ക്കാൻ ഓഡിറ്റ് എൻകമ്പയറി നം. 7 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . തുക തിരികെ ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ ക്രമീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിയ്ക്കണ്ട തീയതി കഴിഞ്ഞും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികളുടെ പട്ടിക ലഭ്യമാക്കാൻ ആവശ്യപ്പെട്ടും ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകമ്പയറി നം. 7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തത് കാരണം ഇത് ഏതൊക്കെ പദ്ധതികൾക്കായി

നൽകിയിരിക്കുന്ന തുകയാണെന്നതിലും വ്യക്തതയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | 2022-23 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള ഡെപ്പോസിറ്റ് തുക | 2023-24 വർഷം നൽകിയ തുക | ആകെ | തൻവർഷം ക്രമീകരിച്ച തുക | 2023-24 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8982147 | 0 | 8982147 | 302992 | 8679155 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 4413166 | 2126520 | 6539686 | 2443356 | 4096330 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 200000 | 0 | 200000 | | 200000 |

ഡെപ്പോസിറ്റ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 രേഖകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യത പരിശോധനയ്ക്കുന്നിതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാലതാമസം വന്നിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയ്ക്ക് ഏറ്റവും അവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പോലുള്ള അടിസ്ഥാന രേഖകൾ ഓഡിറ്റ് എൻകയറി നം. 7/ 22-08-2024, ഓഡിറ്റ് റിക്വസിഷൻ നം. 1/24-08-2024, ഓഡിറ്റ് എൻകയറി നം. 27 /31-08-2024 എന്നിവ വഴി ആവർത്തിച്ച് ആവശ്യപ്പെട്ടതിനെ തുടർന്ന് ഓഡിറ്റ് അവസാനിക്കുന്നതിന് തൊട്ടു മുൻപുള്ള പ്രവൃത്തി ദിവസത്തിലാണ് ലഭ്യമാക്കിയത്. രേഖകൾ സമയബന്ധിതമായി ലഭ്യമാക്കാത്തത് വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച വിശദമായ പരിശോധന നടത്തുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും, കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച ഗുരുതരമായി കൃത്യവിലോപം ആണ്. ഓഡിറ്റ്

ആവശ്യപ്പെടുന്ന രേഖകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വരും വർഷങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-38 കൃത്യമായ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

2023-24 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾ വഴി വിവിധ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങളും കൈപ്പറ്റിയ ഗഡുക്കളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി പ്രത്യേക രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി പദ്ധതികൾ വഴി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതും ധനസഹായം കൃത്യമായി ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ട് എന്നതും അധികമായി തുക കൈപ്പറ്റിയിട്ടില്ല എന്നതും ഓഡിറ്റിന് പരിശോധിച്ച് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ടിന്റെ തരം | അടങ്കൽ | ചെലവ് | ഫണ്ട് | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 243/24 വീട് മെയിന്റനൻസ് എസ്.സി.പി 2020 | സ്പിൽ ഓവർ | 900000 | 900000 | വികസന ഫണ്ട് എസ്.സി.പി | 6 |
| 2 | 15/24 വീട് വാസയോഗ്യമാക്കൽ പട്ടിക ജാതി | പുതിയത് | 2550000 | 2550000 | വികസന ഫണ്ട് എസ്.സി.പി | 17 |
| 3 | 241/24 റിട്രോ ഫിറ്റിംഗ് | സ്പിൽ ഓവർ | 340000 | 170000 | ധനകാര്യ കമ്മിഷൻ അവാർഡ് | 17 |
| 4 | 294/24 ഗാർഹിക ടോയ്ലെറ്റ് നിർമ്മാണം- ലൈഫ് | പുതിയത് | 600000 | 114000 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 14 |
| 5 | 242/24 വ്യക്തിഗത ഗാർഹിക ടോയ്ലെറ്റ് | സ്പിൽ ഓവർ | 264000 | 84000 | കേന്ദ്രാവിഷ്കൃത ഫണ്ട് | 7 |
| 6 | 238/24 വ്യക്തിഗത ഗാർഹിക കക്കൂസ് | സ്പിൽ ഓവർ | 138000 | 12000 | ധനകാര്യ കമ്മിഷൻ | 1 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | | | അവാർഡ് | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 30 ന് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 സ്റ്റോറുകൾ സ്വീകരിച്ച് സ്റ്റോക്കിൽ ചേർക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണ്.ആർട്ടിക്കിൾ 149 (1) പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോറുകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ആർട്ടിക്കിൾ 152 ൽ സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾ വഴി 2023-24 സാമ്പത്തിക വർഷം വിവിധ സ്റ്റോറുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | വാങ്ങിയ സ്റ്റോറിന്റെ വിവരം |
|---|---|---|---|---|---|
| 1 | 244/24 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി | 204900 | 202131 | ധനകാര്യ കമ്മിഷൻ അവാർഡ് | ലാപ്ടോപ്പ്-50000 രൂപ |
| 2 | 237/24 ഹരിത കർമ്മസേനാംഗങ്ങൾക്ക് ട്രോളി പുഷ്കാർട്ട് വാങ്ങൽ | 255000 | 255000 | ധനകാര്യ കമ്മിഷൻ അവാർഡ്, കേന്ദ്രാവിഷ്കൃത ഫണ്ട് | പുഷ്കാർട്ട് ട്രോളി-17000 രൂപ നിരക്കിൽ 15 എണ്ണം |
| 3 | 239/24 ലിറ്റർ ബിൻസ്-കൊമേഴ്സ്യൽ ഏരിയ, മാർക്കറ്റ് സ്റ്റോപ്പ് ആൻഡ് ഓഫീസെസ് | 500000 | 479400 | മറ്റുള്ളവ | ലിറ്റർ ബിൻസ്- 9400 രൂപ നിരക്കിൽ 51 എണ്ണം |
| 4 | 245/ 24 ബയോ കമ്പോസ്റ്റർ ബിൻ - സ്കൂൾ, | 75670 | 68215 | ധനകാര്യ കമ്മിഷൻ അവാർഡ്, | ബയോ കമ്പോസ്റ്റർ ബിൻ(With |

| | | | | | |
|---|---|---|---|---|---|
| | അംഗനവാടി, പഞ്ചായത്ത് ഓഫീസ് | | | കേന്ദ്രാവിഷ്കൃത ഫണ്ട് | Inoculam)- 1949 രൂപ നിരക്കിൽ 35 എണ്ണം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 30 ന് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-40 82616/- രൂപ വിലമതിയ്ക്കുന്ന 449 ബിന്നുകൾ വിതരണം ചെയ്യാൻ അവശേഷിയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 240/24 |
| പ്രോജക്ടിന്റെ പേര് | സോഴ്സ് ലെവൽ സെഗ്രിഗേഷൻ 2 ബാഗ് ഒൺ ബിൻ മോഡൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 20,000,00/- (മറ്റുള്ളവ) |
| ചെലവ് | 15,18,000/- |

'സോഴ്സ് ലെവൽ സെഗ്രിഗേഷൻ 2 ബാഗ് ഒൺ ബിൻ മോഡൽ' പദ്ധതി വഴി 184/- രൂപ നിരക്കിൽ 8250 ബിന്നുകൾ 2023-24 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സോഴ്സ് ലെവൽ സെഗ്രിഗേഷൻ ബിൻ നൽകുന്നതിന് 18-08-2023 ലെ ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചത് പ്രകാരം [തീരുമാനം നം. 1(3)] 7801 ബിന്നുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 449 ബിന്നുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടും ഹരിതകർമ്മസേനയ്ക്ക് വിതരണത്തിനായി നൽകിയ ടി ബിന്നുകൾ തിരിച്ചു സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 30 ന് അവശേഷിയ്ക്കുന്ന 449 ബിന്നുകൾ 3 മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണെന്നും ആയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകി. അവശേഷിയ്ക്കുന്ന ബിന്നുകൾ അടിയന്തിരമായി വിതരണം ചെയ്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| സ്ഥാപനത്തിന്റെ പേര് | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 233 ലൈഫ് ഭവനം എസ് സി പി | 1153345 | 380000 |
| | 44/24 ഭവന നിർമാണം ജനറൽ ലൈഫ് | 8000000 | 706879 |
| | 22/24 സ്നേഹ സ്പർശം | 349125 | 270750 |
| | 135/24 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 500000 | 300000 |
| | ആകെ | | 1657629 |
| | | | |
| ജില്ലാ പഞ്ചായത്ത് | 233 ലൈഫ് ഭവനം എസ് സി പി | 129655 | 120000 |
| | 236/24 ലൈഫ് ഭവനം 2022-23 | 1000000 | 180000 |
| | 44/24 ഭവന നിർമാണം ജനറൽ ലൈഫ് | 5930000 | 1000000 |
| | 234/24 ലൈഫ് ഭവന പദ്ധതി 2022 | 32693 | 30000 |

| | | | |
|---|---|---|---|
| | 22/24 സ്നേഹ സ്പർശം | 349125 | 270750 |
| | 135/24 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 500000 | 200000 |
| | 1/24 ഹരിത ഭവനം | 70000 | 42000 |
| | ആകെ | | 1842750 |

* നഗരസഭ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ഖ.1-4-1 ൽ ചേർത്തിട്ടുണ്ട്.

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | ഹെഡ് | മുന്നിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം) | തൻവർഷത്തെ വരവ് | ആകെ | തൻവർഷത്തെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 320700204 Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 355,955 | 1,657,629 | 2,013,584 | 1,657,629 | 355,955 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 273,375 | 1,842,750 | 2,116,125 | 1,842,750 | 273,375 |
| | 320700105 Contributions For Joint Venture | 50,903.00 | 0 | 50,903.00 | 0 | 50,903 |

| | | | | | | |
|---|---|---|---|---|---|---|
| | Projects (For Capital Expenditure) - From District Panchayats | | | | | |
| | ആകെ | 324,278 | 1,842,750 | 2,167,028 | 1,842,750 | 324,278 |
| നഗരസഭ | 320700102 Contributions For Joint Venture Projects (For Capital Expenditure) -From Municipal Corporations | 2,918,002 | 0 | 2,918,002 | 2,147,400.00 | 770,602 |
| | 320700202 Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations | 300,000 | 0 | 300,000 | 0 | 300,000 |
| | ആകെ | 3,218,002 | 0 | 3,218,002 | 2,147,400.00 | 1,070,602 |

## 4-2 നിക്ഷേപ പ്രവർത്തികൾക്കുള്ള ഫണ്ട് വിനിയോഗം

### സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | സാക്ഷ്യപത്രം പ്രകാരം) | |
| കെ.എസ്.ഇ.ബി | 29/24 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 417365 | 0 | 417365 |
| | 28/24 വൈദ്യുതി ലൈൻ നീട്ടൽ | 1709155 | 0 | 1709155 |
| | **ആകെ** | | | **2126520** |

## വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | തൻ വർഷം നൽകിയ തുക | ആകെ | തൻ വർഷം ക്രമീകരിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 8982147 | 0 | 8982147 | 302992 | 8679155 |
| കെ.എസ്.ഇ.ബി | 4413166 | 2126520 | 6539686 | 2443356 | 4096330 |
| ഭൂജല വകുപ്പ് | 200000 | 0 | 200000 | | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP-31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 9966901 | 14620630 | 24587531 | 1969185 | 22618346 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ, | തീയതി |
|---|---|---|---|---|---|
| 2022-23 | 1-11, 1-12 | 99369 | സേവ്യയർ മാത്യു | 1230104023 | 28-02-2024 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 39192853 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67906908 |
| ആകെ | : | 107099761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 85663193 |
| നീക്കിയിരിപ്പ് | : | 21436568 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **37,34,467** |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2023-24

സാമ്പത്തിക വർഷത്തിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ആകെ വരവ് 189771452/- രൂപയും ചെലവ് 190293401/- രൂപയുമാണ്.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 31,513 | ഡോ.ജസ്റ്റിൻ ബേസിൽ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. വെൺപകൽ) |
| 1-23 | 3,12,625 | ഡോ.ജസ്റ്റിൻ ബേസിൽ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. വെൺപകൽ) |
| 1-25 | 9,00,000 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| 1-27 | 15,570 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| 1-29 | 79,808 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| 1-32 | 17,09,155 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| 1-33 | 4,17,365 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| 1-34 | 2,68,431 | ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി |
| **ആകെ** | **37,34,467** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ഡോ.ജസ്റ്റിൻ ബേസിൽ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.വെൺപകൽ) | ബഥേൽ, ഠൗൺ മസ്ജിദിന് എതിർവശം, നെയ്യാറ്റിൻകര-695121 |
| ശ്രീ.എ.റഹ്മത്തുള്ള, സെക്രട്ടറി | വിരമിച്ചു | റ്റി.സി.-45/634(1),ബീമാപള്ളി,റ്റി.വി.എം-8 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/195/2018, തീയതി 3.7.2019 | 9 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/467/2020, തീയതി | 14 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1808/2021, തീയതി 2.3.2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1809/2021, തീയതി 26.2.2022 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/190/2023, തീയതി 24.2.2023 | 33 |
| 2022-23 | .കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1465/2023 തീയതി 12.3.2024 | 51 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 19-07-2024 and submitted on 30-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Athiyanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Athiyanoor Grama Panchayat as on 31-03-2024

**Date: 06/11/2024**

**Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Athiyanoor Grama Panchayat for the Year 2023-2024.

## 1.Major Observations

## 2.Other Observations

1. Mandatory financial statements prescribed in accounting rules are not submitted for audit eg. ratios, notes on account

2. Reconciliation statement of account number 20021200402442, 7159092559, 20021201200004 & 702021400000004 were not prepared and submitted for verification.

3. cheques remained uncashed for more than 3 months were not transferred to a stale cheque account.

4. cheques deposited in bank worth 12500 were not credited so far.

5. Demand - Collection- Balance statement of property tax from sanchaya software does not match with those in Annual Financial Statements.

6. The following registers are not maintained.

Deposit Register, Advance register, Arrear Demand Register.

7. Lack of authenticated journal voucher for supporting the adjustment entries recorded in Prior Period Items.

8. Depreciation statement was not submitted for verification.

9. The total expenditure of CFC Fund as per sulekha Expenditure statement does not match with that of Annual Financial Statement.

10. Depreciation not provided for assets like plant and machinery.

11. No entry is made in B-14 Stock In Hand (Inventories) schedule of the balance sheet.

12. opening balance of the head 414110010 Medical Institution-Alloppathy Medical Equipments For Health Institutions shows a negative balance of Rs. -99110.

13. The bank accounts Canara Bank A/c No. 110044841059 and Sub Treasury A/c No. 702021400000004 were not included in balance sheet B-17 Schedule.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്